**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1922** **09-12-2022 - ൽ മറുപടിയ്ക്ക്**

**മൂന്നാർ ഗവ. ആർട്സ് കോളേജ് പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പ്രളയത്തിൽ തകർന്ന ഇടുക്കി ജില്ലയിലെ മൂന്നാർ ഗവ. ആർട്സ് കോളേജ് പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മൂന്നാർ സർക്കാർ ആർട്സ് & സയൻസ് കോളേജ് പുനർനിർമ്മിക്കുന്നതിന് കോളേജ് നിലവിൽ സ്ഥിതി ചെയ്യുന്ന ബജറ്റ് ഹോട്ടലിന് സമീപപ്രദേശത്തുള്ള റവന്യൂ ഭൂമിയും അതിനോട് ചേർന്നുള്ള എൻജിനീയറിങ് കോളേജിന്റെ ഭൂമിയും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കായി അർത്ഥനാപത്രവും മറ്റ് അനുബന്ധ രേഖകളും ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജ് പുനർനിർമ്മിക്കുന്നതിന് അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ; | (ബി) | സ.ഉ (സാധാ) നം. 1946/2018/ഉ.വി.വ തിയതി: 27/10/2018 പ്രകാരം തകർന്ന മൂന്നാർ ആർട്സ് & സയൻസ് കോളേജിനെ മൂന്നാർ എൻജിനീയറിങ് കോളേജിൽ താത്കാലികമായി മാറ്റി സ്ഥാപിക്കുന്നതിന് 5.5 കോടി രൂപ ഉപയോഗിക്കാൻ അനുമതി നൽകിയിരുന്നു. എന്നാൽ ഏത് ശീർഷകത്തിൽ നിന്ന് ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടില്ലായിരുന്നു. കോളേജ് മാറ്റി സ്ഥാപിക്കേണ്ട അടിയന്തിര സാഹചര്യം നിലനിന്നിരുന്നതിനാൽ എൻജിനീയറിങ് കോളേജിന്റെ ഉപയോഗിക്കാത്ത കെട്ടിടത്തിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കി കോളേജ് മാറ്റി സ്ഥാപിച്ചു. നിലവിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമായ ബഡ്ജറ്റ് ഹോട്ടൽ കെട്ടിടത്തിലേക്ക് കോളേജ് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പുനർനിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസം എന്തെന്ന് വിശദമാക്കുമോ; | (സി) | കോളേജ് നിലവിൽ സ്ഥിതി ചെയ്യുന്ന ബജറ്റ് ഹോട്ടലിന് സമീപപ്രദേശത്തുള്ള റവന്യൂ ഭൂമിയും അതിനോട് ചേർന്നുള്ള എൻജിനീയറിങ് കോളേജിന്റെ ഭൂമിയും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. കണ്ടിന്യൂയിങ് എഡ്യുക്കേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന മൂന്നാർ |

| | | | |
|---|---|---|---|
| | | | എൻജിനീയറിങ് കോളേജിന്റെ ഭൂമി വിട്ടുനല്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാവുന്നതും പദ്ധതി വിഹിതവും കിഫ്ബി പദ്ധതിയും ഉപയോഗപ്പെടുത്തി കോളേജ് പുനർ നിർമ്മാണം ത്വരിതപ്പെടുത്താൻ സാധിക്കുന്നതുമാണ്. |
| (ഡി) | കോളേജ് പുനർനിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കോളേജ് നിലവിൽ സ്ഥിതി ചെയ്യുന്ന ബജറ്റ് ഹോട്ടലിന് സമീപപ്രദേശത്തുള്ള റവന്യൂ ഭൂമിയും അതിനോട് ചേർന്നുള്ള എൻജിനീയറിങ് കോളേജിന്റെ ഭൂമിയും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. കണ്ടിന്യൂയിങ് എഡ്യുക്കേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന മൂന്നാർ എൻജിനീയറിങ് കോളേജിന്റെ ഭൂമി വിട്ടുനല്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാവുന്നതും പദ്ധതി വിഹിതവും കിഫ്ബി പദ്ധതിയും ഉപയോഗപ്പെടുത്തി കോളേജ് പുനർ നിർമ്മാണം ത്വരിതപ്പെടുത്താൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ